LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യാവകാശ കമ്മീഷന് ലഭിച്ച പരാതികൾ

129(5718) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾക്ക് എതിരെ മനുഷ്യാവകാശ കമ്മീഷന് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത് ; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(ബി) ഈ പരാതികളിന്മേൽ എത്ര കേസ്സുകളിൽ മനുഷ്യാവകാശ ലംഘനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട് ; വർഷം, ജില്ല എന്നിവ തിരിച്ചുള്ള എണ്ണം വിശദമാക്കുമോ ;

(സി) മനുഷ്യാവകാശ ലംഘനങ്ങൾ കണ്ടെത്തിയ കേസ്സുകളിൽ എല്ലാം കമ്മീഷൻ നടപടികൾ ശിപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ കമ്മീഷൻ നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) മനുഷ്യാവകാശ ലംഘനങ്ങളെ സംബന്ധിച്ചുള്ള എല്ലാ പരാതികളും കമ്മീഷനിൽ സ്വീകരിച്ച് നടപടി എടുക്കുന്നുണ്ട്. പോലീസ് നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾ എന്ന ശീർഷകത്തിൽ പ്രത്യേകം തരംതിരിക്കാറില്ല. 1995-ലെ മനുഷ്യാവകാശ സംരക്ഷണ ആക്ടിൻ കീഴിൽ ഉണ്ടാക്കിയ റഗുലേഷൻ 36 പ്രകാരമുള്ള ഫോറം നമ്പർ 6-ലാണ് പരാതികൾ രജിസ്റ്റർ ചെയ്യുന്നത്. ഈ റഗുലേഷൻ പ്രകാരം എതിർ കക്ഷികളുടെ പേരുകൾ പ്രത്യേകം രേഖപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങളെ സംബന്ധിച്ച് വർഷം, ജില്ല തിരിച്ചുള്ള കണക്കുകൾ പ്രത്യേകം സൂക്ഷിച്ചിട്ടില്ല.

(സി) മനുഷ്യാവകാശ കമ്മീഷൻ നടപടി ശുപാർശ ചെയ്തിട്ടുള്ള എല്ലാ കേസുകളിലും പോലീസ് വകുപ്പിൽനിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ മനുഷ്യാവകാശ കമ്മീഷൻ നൽകിയ ശുപാർശകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കാസർഗോഡ് ജില്ലയിലെ ധനകാര്യ സ്ഥാപനങ്ങളിലെ റെയ്ഡ്

130(5719) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മണിലെൻഡേഴ്സ് ആക്ട് പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര ധനകാര്യ സ്ഥാപനങ്ങൾക്കാണ് ലൈസൻസ് ലഭിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഓപ്പറേഷൻ കുബേര പദ്ധതി പ്രകാരം എത്ര അനധികൃത സ്ഥാപനങ്ങളിലാണ് റെയ്ഡ് നടത്തിയിട്ടുള്ളതെന്നും അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്നും വ്യക്തമാക്കാമോ ;

(സി) നിലവിൽ എത്ര കേസുകളാണ് പ്രസ്തുത റെയ്ഡ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ഡി) എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 70 ധനകാര്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതായി കൊമേഴ്യൽ ടാക്സ് ഡിപ്പാർട്ടുമെന്റിൽനിന്നും വിവരം ലഭിച്ചിട്ടുണ്ട്.

(ബി) നീലേശ്വം 'അനിവാര്യ ചിട്ടി' സ്ഥാപനത്തിൽ ഒരു റെയ്ഡ് നടത്തുകയുണ്ടായി.

(സി&ഡി) ഇത് സംബന്ധിച്ച് നീലേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 458/2014 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കമ്മ്യൂണൽ കേസുകൾ

131(5720) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കമ്മ്യൂണൽ കേസുകളിൽ എത്ര എണ്ണം പിൻവലിക്കുകയോ പിൻവലിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസുകളുടെ ഇപ്പോഴത്തെ നില വ്യക്തമാക്കാമോ ; ഇതിൽ എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കമ്മ്യൂണൽ കേസുകളിൽ സർക്കാർ പിൻവലിക്കാൻ നടപടി സ്വീകരിച്ചത് രണ്ട് കേസുകളിലാണ്.

(ബി) ടി കേസുകൾ കോടതിയുടെ പരിഗണനയിലാണ്. ടി കേസുകളിൽ ആരേയും ശിക്ഷിച്ചിട്ടില്ലാത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly